**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1262** **27-07-2021 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ മണ്ഡലത്തിലെ കായിക വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ മണ്ഡലത്തിൽ 2016 മുതൽ 2021 വരെ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; ഇതിനായി അനുവദിച്ച അനുവദിച്ച തുക എത്രയാണ് ; ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | (എ) | തൃശ്ശൂർ മണ്ഡലത്തിൽ 2016 മുതൽ 2021 വരെ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 1) കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ച പ്രവൃത്തികൾ

| ക്രമ നം | പ്രവൃത്തികളുടെ വിശദാംശം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | തൃശ്ശൂർ അക്വാട്ടിക കോംപ്ലക്സിന്റെ പുനരുദ്ധാരണവും നവീകരണവും<br>1) സിവിൽ -ഇലക്ട്രിക്കൽ പ്രവൃത്തികൾ<br>2) ഫിൽട്രേഷൻ പ്ലാന്റിന്റെ നിർമ്മാണവും 3 വർഷത്തെ പരിപാലനവും ഉൾപ്പെടെ | 700.28 ലക്ഷം | 504.81 ലക്ഷം |
| 2 | തൃശ്ശൂർ വി.കെ.എൻ.ഇൻഡോർ സ്റ്റേഡിയത്തിലെ എൽ.ഇ.ഡി ഫ്ളെഡ് ലൈറ്റ് സിസ്റ്റം സ്ഥാപിക്കുന്ന പ്രവൃത്തി | 21.00 ലക്ഷം | 13.18 ലക്ഷം |
| 3 | തൃശ്ശൂർ വി.കെ.എൻ.ഇൻഡോർ സ്റ്റേഡിയത്തിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ സിവിൽ -ഇലക്ട്രിക്കൽ പ്രവൃത്തികൾ | 42.95 ലക്ഷം | 38.87 ലക്ഷം |
| 4 | ജിം ഉപകരണങ്ങൾ | 43.75 ലക്ഷം | 34.40 ലക്ഷം |

## 2) കിഫ്ബി ഫണ്ടു ഉപയോഗിച്ച് നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ

ലാലൂർ, ഐ.എം..വിജയൻ ഇൻഡോർ സ്റ്റേഡിയത്തിന്റെ (തൃശ്ശൂർ ജില്ലാ സ്റ്റേഡിയം) നിർമ്മാണത്തിനായി 70 കോടി രൂപയും, തൃശ്ശൂർ അക്വാട്ടിക് കോംപ്ലക്സിന്റെ നവീകരണത്തിനായി 5 കോടി രൂപയുമാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഐ.എം.വിജയൻ ഇൻഡോർ സ്റ്റേഡിയത്തിന്റെ സിവിൽ - ഇലക്ട്രിക്ക് പ്രവൃത്തികൾ 69% പൂർത്തീകരിക്കുകയും സ്പോർട്സ് ഫ്ളോറിംഗ് വർക്കുകളുടെ ടെൻഡർ നടപടികൾ നടന്നുവരികയുമാണ്. കൂടാതെ അക്വാട്ടിക് കോംപ്ലക്സിന്റെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഡി.പി.ആർ സമർപ്പിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നുവരികയാണ്. കിഫ്ബി പദ്ധതികളുടെ എസ്.പി.വി യായ കിറ്റ്കോ ലിമിറ്റഡ് വഴിയാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്.



**സെക്ഷൻ ഓഫീസർ**